**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1504** **12-02-2025 - ൽ മറുപടിയ്ക്ക്**

**കൈവശഭൂമിയ്ക്ക് പട്ടയം നൽകൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. ആർ. പ്രദീപ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പേർക്ക് അവരുടെ കൈവശഭൂമിയ്ക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-2024 കാലയളവിൽ സംസ്ഥാനത്ത് ആകെ 1,80,887 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഭൂരഹിതരായ അതിദരിദ്രർക്കും, മറ്റ് ഭൂമി കൈവശം ഇല്ലാത്തവർക്കുമായി 1589 പട്ടയങ്ങൾ വിവിധ ജില്ലകളിലായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | പട്ടയം ലഭിച്ചവരുടെ എണ്ണം ജില്ലകൾ തിരിച്ച് വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം ജില്ല തിരിച്ച് അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | പട്ടയത്തിന് വേണ്ടി സമർപ്പിച്ച അപേക്ഷകളിൽ വകുപ്പുതലത്തിൽ ആവശ്യമായ അന്വേഷണം നടത്തി സമയബന്ധിതമായി പട്ടയം അനുവദിച്ചുനൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | "എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ" എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി റവന്യൂ വകുപ്പ് പട്ടയ മിഷൻ എന്ന കർമ്മ പദ്ധത നടപ്പിലാക്കിയിട്ടുള്ളതും, 19.04.2023-ലെ സ.ഉ (കൈ) 87/2023/ആർ.ഡി നം. സർക്കാ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പട്ടയ മിഷ രൂപീകരിച്ചിട്ടുള്ളതുമാണ്. "1960-ലെ കേര ഗവൺമെൻറ് ഭൂമി പതിച്ചു നൽകൽ ആക്ട്-ന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശങ്ങളിലുള്ള സർക്കാർ ഭൂമിക്ക് "1964-ലെ കേരള ഭൂമി പതി നൽകൽ ചട്ടങ്ങൾ" പ്രകാരവും. മുനിസിപ്പാലിറ്റ് കോർപ്പറേഷൻ പ്രദേശങ്ങളിലെ സർക്കാർ ഭൂമിക "1995-ലെ കേരള മുനിസിപ്പൽ, കോർപ്പറേഷ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകുന്ന സംബന്ധിച്ച ചട്ടങ്ങൾ" പ്രകാരവുമാണ ഭൂരഹിതർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നത്.<br>1964-ലെയും 1995-ലെയും ഭൂമിപതിവു ചട്ടങ്ങ പ്രകാരം രൂപീകൃതമായതും അതാത പ്രദേശങ്ങളിലെ നിയമസഭാ സാമാജിക ഉൾപ്പെടുന്നതുമായ ഭൂപതിവ് കമ്മിറ്റികൾ അതാത കാലങ്ങളിൽ ചേർന്ന് അർഹത നിർണ്ണയിക്കുന മുറയ്ക്കാണ് ഭൂരഹിതർക്ക് പട്ടയം അനുവദി വരുന്നത്. ഇത് കൂടാതെ വിവിധ നിയമ പ്രശ്നങ്ങ |

കാരണം ഇതുവരെയും പട്ടയം നൽകിയിട്ടില്ലാത്ത കേസുകൾ കണ്ടെത്തി പരിഹരിക്കുന്നതിനുവേണ്ട നിയോജകമണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ ചേർന്ന് ആയതിൽ ഉയർന്ന വരുന്ന പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിയമസഭാ നിയോജക മണ്ഡലത്തിലെ മുഴുവൻ ജനപ്രതിനിധികളും റവന്യൂ ഉദ്യോഗസ്ഥരും അടങ്ങുന്നതാണ് പട്ടയ അസംബ്ലികൾ. പട്ടയ അസംബ്ലിയിൽ ഉയർന്നുവന്ന എല്ലാ പട്ടയ പ്രശ്നങ്ങളും പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടയ ഡാഷ്ബോർഡിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാതല റിവ്യൂ റവന്യൂ വകുപ്പ് മന്ത്രി 09.10.2023 മുതൽ 10.11.2023 വരെയും, 20.06.2024 മുതൽ 09.07.2024 വരെയുമുള്ള തീയതികളിലായി 2 തവണ നടത്തിയിട്ടുണ്ട്. 07.01.2024 മുതൽ 10.01.2024 വരെയുള്ള തീയതികളിലായി റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും, 21.12.2023 മുതൽ 30.12.2023 വരെ ലാൻഡ് റവന്യൂ കമ്മീഷണറും റിവ്യൂ യോഗങ്ങൾ ജില്ലാ തലത്തിൽ നടത്തുകയുണ്ടായി.

ഇത് കൂടാതെ റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലകളെ ദക്ഷിണ മേഖല, മധ്യ മേഖല, ഉത്തര മേഖല എന്നിങ്ങനെ മൂന്ന് മേഖലകളായി തിരിച്ച് യഥാക്രമം 28.01.2025, 31.01.2025, 03.02.2025 എന്ന തീയതികളിലായി മേഖലാ യോഗങ്ങൾ നടത്തിയിട്ടുള്ളതും, അതിനു മുന്നോടിയായി സംസ്ഥാന പട്ടയ മിഷന്റെ ആഭിമുഖ്യത്തിൽ 08.01.2025 മുതൽ 16.01.2025 വരെ ഓൺലൈനായി പ്രീ-സോണൽ യോഗങ്ങൾ നടത്തി പട്ടയപ്രശ്നങ്ങൾ അവലോകനം ചെയ്തിട്ടുള്ളതുമാണ്.

ഇത് കൂടാതെ സംസ്ഥാനത്തൊട്ടാകെയുള്ള അതിദരിദ്രരായ വ്യക്തികളെ കണ്ടെത്തി ഭൂമി അനുവദിക്കുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിൽ സ്വീകരിച്ചു വരുന്നുമുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| **ക്രമ നം.** | **ജില്ല** | **അനുവദിച്ചിട്ടുള്ള പട്ടയങ്ങൾ** |
|---|---|---|
| 1. | തിരുവനന്തപുരം | 4430 |
| 2. | കൊല്ലം | 2334 |
| 3. | പത്തനംതിട്ട | 880 |
| 4. | ആലപ്പുഴ | 1327 |
| 5. | കോട്ടയം | 2685 |
| 6. | ഇടുക്കി | 13627 |
| 7. | എറണാകുളം | 5954 |
| 8. | തൃശ്ശൂർ | 28717 |
| 9. | പാലക്കാട് | 41879 |
| 10. | മലപ്പുറം | 33365 |
| 11. | കോഴിക്കോട് | 20286 |
| 12. | വയനാട് | 4214 |
| 13. | കണ്ണൂർ | 15995 |
| 14. | കാസർഗോഡ് | 5194 |
| **ആകെ** | | **1,80,887** |